# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2024 ജൂൺ 26-ന് സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

ദേശീയ തലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ഏറ്റെടുത്ത് നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപക ക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള NEET-UG പരീക്ഷയിലും കോളേജ്, സർവ്വകലാശാല അധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള UGC-NET പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ മാസങ്ങൾ നീണ്ട കഠിനാദ്ധ്വാനത്തിലൂടെ പഠിച്ച് എഴുതുന്ന NEET പരീക്ഷയിലെ ക്രമക്കേട് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയനഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർത്ഥികൾക്ക് അനർഹമായി മാർക്ക് ലഭിക്കാൻ ഇടയായി. ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്യുന്നതും പ്രവേശന പരീക്ഷയിൽ അസാധ്യമായ 718, 719 എന്നീ മാർക്കുകൾ നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സമൂഹമാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗിന്റെ രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായി . ഇതിനെതിരെ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് യൂണിയൻ സർക്കാർ ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ല എന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ NET പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് NTA തീരുമാനിച്ചു. ഇതോടൊപ്പം CSIR NET പരീക്ഷയും നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ ക്യാൻസൽ ചെയ്യുകയുണ്ടായി . കഠിനാദ്ധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത് അന്യസംസ്ഥാനങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ റദ്ദു ചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവും ഉണ്ടാക്കിയിട്ടുണ്ട്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റ രീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട NTA തങ്ങൾക്കതിന് സാധിക്കില്ല എന്ന് ആവർത്തിച്ച് തെളിയിച്ചു കഴിഞ്ഞു . മുൻപ് സംസ്ഥാന തലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപ്പോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയ തലത്തിൽ NEET പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷയെഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നതും കുട്ടികളുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന NTA യുടെ നടപടികളെയും അതിനെ പിന്തുണക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്നും യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു.

27/6/24

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.